# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **4028**

26.06.2013 - ൽ മറുപടിയ്ക്ക്

## സിദ്ധ ഡിസ്പെൻസറികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഇ.എസ്. ബിജിമോൾ | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) 1986-ന ശേഷം ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ എത്ര സിദ്ധ ഡിസ്പെൻസറികളും ആശുപത്രികളും തുടങ്ങിയിട്ടുണ്ട്; വ്യക്തമാക്കുമോ ; | (എ) 1986-ൽ ഭാരതീയ ചികിത്സാ വകുപ്പിന് കീഴിൽ ഗവൺമെന്റ് തലത്തിൽ പാലക്കാട് ജില്ലയിലെ മങ്കരയിൽ ഒരു സിദ്ധ ഡിസ്പെൻസറി മാത്രമാണ് അനുവദിച്ചത്. |
| (ബി) എത്ര പഞ്ചായത്തുകളിൽ നിന്ന് സിദ്ധ ഡിസ്പെൻസറികളും ആശുപത്രികളും ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്; വിശദാംശം നൽകുമോ ; | (ബി) നിലവിൽ 86-ലധികം പഞ്ചായത്തുകളിൽ നിന്നും സിദ്ധ ഡിസ്പെൻസറികൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (സി) സർക്കാർ തലത്തിൽ നിലവിൽ പുതിയ സിദ്ധ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ ; | (സി) നിലവിൽ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് തടസ്സങ്ങൾ ഒന്നും തന്നെ ഇല്ല. എന്നാൽ ഡിസ്പെൻസറികൾക്ക് ആവശ്യമായ എല്ലാ ഭൗതിക സാഹചര്യങ്ങളും (വെള്ളം, വെളിച്ചം, കെട്ടിടം തുടങ്ങിയവ) നൽകാമെന്നുള്ള ബന്ധപ്പെട്ട പഞ്ചായത്തുകളുടെ തീരുമാനം ലഭിക്കേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സർക്കാർ തലത്തിൽ സിദ്ധ ചികിത്സാ പഠനത്തിന് മെഡിക്കൽ കോളേജോ, ഗവേഷണ സ്ഥാപനങ്ങളോ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ഡി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | തിരുവനന്തപുരം ജില്ലയിലെ വള്ളക്കടവ് സിദ്ധ ആശുപത്രിയുടെ പദവി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | നിലവിൽ 20 കിടക്കകളോടുകൂടി പ്രവർത്തിച്ചുവരുന്ന വള്ളക്കടവ് സിദ്ധ ഡിസ്പെൻസറി 50 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിന് ആവശ്യമായ എല്ലാ ഭൗതിക സാഹചര്യങ്ങളും നഗരസഭ ഒരുക്കിത്തരുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ